"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്- ഇ-ഗ്രാന്റ്സ്-എല്ലാ വിദ്യാഭ്യാസ പദ്ധതികളുടെയും ഒറ്റ പ്ലാറ്റ്ഫോം മുഖേനയുള്ള നടത്തിപ്പ്-പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലും ജില്ലാ ഓഫീസുകളിലും കരാറടിസ്ഥാനത്തിൽ നിയമിച്ചിട്ടുള്ള സപ്പോർട്ടിംഗ് എഞ്ചിനീയർമാരുടെ സേവനം ഒരു വർഷത്തേയ്ക്കുകൂടി ദീർഘിപ്പിച്ച് നൽകുന്നത്- അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പട്ടികജാതി പട്ടികവർഗ്ഗ (ബി ) വികസന വകുപ്പ്**

സ.ഉ.(സാധാ) നം.817/2024/SCSTD തീയതി,തിരുവനന്തപുരം, 19-09-2024

---

പരാമർശം:-
1. സ. ഉ. (സാധാ) നം. 799/2023/SCSTDD തീയതി 17.06.2023
2. പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ 14-06-2024 തീയതിയിലെ SCDD/2654/2024-B2(EDNB) നമ്പർ കത്ത്.

**ഉത്തരവ്**

ഇ-ഗ്രാന്റ്സ് സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നതിനായി 2023 മുതൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലും 14 ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലുമായി 16 സപ്പോർട്ടിംഗ് എഞ്ചിനീയർമാരുടെ കരാർ കാലാവധി പരാമർശം (1) ഉത്തരവ് പ്രകാരം 2024 വരെ ദീർഘിപ്പിച്ചു നൽകിയിരുന്നു.

2. ഇ-ഗ്രാന്റ്സ് പദ്ധതിയുടെ വൈപുല്യവും ഗുണഭോക്താക്കളുടെ ബാഹുല്യവും കണക്കിലെടുത്ത്, പട്ടികജാതി/മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള Exclusive Customer/Technical Support എന്ന നിലയിൽ നിലവിലുള്ളതു പോലെ സപ്പോർട്ടിംഗ് എഞ്ചിനീയർമാർ തുടർന്നാൽ മാത്രമേ വകുപ്പിലെ വിദ്യാഭ്യാസ വിഭാഗത്തിന്റെ സുഗമമായ പ്രവർത്തനത്തിനും, ഇതുമായി ബന്ധപ്പെട്ട പരാതികൾക്ക് സമയബന്ധിതമായി പരിഹാരം കാണുന്നതിനും കഴിയുകയുള്ളൂവെന്നും അതിനാൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിൽ രണ്ടും എല്ലാ ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ ഒന്നു വീതവും ആകെ 16 സപ്പോർട്ടിംഗ് എഞ്ചിനീയർമാർക്ക് അവരുടെ നിലവിലുള്ള കാലാവധി അവസാനിക്കുന്ന മുറയ്ക്ക് അടുത്ത ഒരു വർഷത്തേയ്ക്കു കൂടി തുടർച്ചാനുമതി നൽകുന്നതിനു വേണ്ടി പട്ടികജാതി വികസന വകുപ്പ് ഡയറക്ടർ പരാമർശം (2) പ്രകാരം ഒരു പ്രൊപ്പോസൽ ലഭ്യമാക്കിയിരുന്നു.

3. ഡയറക്ടറേറ്റിലും ജില്ലാ പട്ടികജാതി വികസന ഓഫീസിലും 16 സപ്പോർട്ടിംഗ് എഞ്ചിനീയർമാരെ പ്രതിമാസം 22,290/- (ഇരുപത്തിരണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപാ മാത്രം) രൂപ ഓണറേറിയം നിരക്കിൽ ഒരു വർഷത്തേയ്ക്ക് നിയമിക്കുന്നതിന് ആകെ 42,79,680/- (നാൽപ്പത്തിരണ്ട് ലക്ഷത്തി എഴുപത്തി ഒൻപതിനായിരത്തി അറുന്നൂറ്റി എൺപത് രൂപാ മാത്രം) രൂപ 2225-01-001-94-34(പ്ലാൻ) എന്ന ശീർഷകത്തിൽ നിന്ന് ചെലവഴിക്കുന്നതിനുള്ള അനുമതി നൽകണമെന്നും പട്ടികജാതി വികസന ഡയറക്ടർ അഭ്യർത്ഥിച്ചിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇ-ഗ്രാന്റ്സ് പദ്ധതിയുടെ വൈപുല്യവും ഗുണഭോക്താക്കളുടെ ബാഹുല്യവും കണക്കിലെടുത്ത് പട്ടികജാതി /മറ്റ് പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള Exclusive Customer/Technical Support എന്ന നിലയിൽ പട്ടികജാതി വികസന വകുപ്പ് ഡയറക്ടറേറ്റിലും 14 ജില്ലാ പട്ടികജാതി വികസന ഓഫീസുകളിലുമായി കരാർ അടിസ്ഥാനത്തിൽ നിയമിക്കപ്പെട്ടിട്ടുള്ള 16(2+14) സപ്പോർട്ടിംഗ് എഞ്ചിനീയർമാർക്ക് പ്രതിമാസം 22,290/- (ഇരുപത്തിരണ്ടായിരത്തി ഇരുന്നൂറ്റി തൊണ്ണൂറ് രൂപ മാത്രം) രൂപ ഓണറേറിയം നിരക്കിൽ ഉത്തരവ് തീയതി പ്രാബല്യത്തിൽ ഒരു വർഷത്തേയ്ക്ക് കൂടി ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളുടെ അടിസ്ഥാനത്തിൽ ദീർഘിപ്പിച്ചു നൽകുന്നു.

1. സപ്പോർട്ടിംഗ് എഞ്ചിനീയർമാരുടെ നിയമന കാലാവധി ദിവസ വേതന നിയമനവുമായി ബന്ധപ്പെട്ട് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള പൊതു ഉത്തരവുകളിലെ വ്യവസ്ഥകൾക്ക് അനുസൃതമായിരിക്കേണ്ടതാണ്.

2. കരാർ വ്യവസ്ഥയിൽ നിയമിതരാകുന്ന ഈ ജീവനക്കാർ സ്ഥിരപ്പെടുത്തുന്നതിനുള്ള അവകാശവാദം ഉന്നയിക്കാൻ പാടില്ല എന്ന നിബന്ധന കരാറിൽ ഉൾപ്പെടുത്തേണ്ടതാണ്.

3. സപ്പോർട്ടിംഗ് എഞ്ചിനീയർമാരായി തുടരാൻ സാധിക്കാത്തവർക്ക് പകരം പുതിയ വ്യക്തികളെ തെരഞ്ഞെടുക്കേണ്ടതില്ല. വകുപ്പിലെ സാങ്കേതിക യോഗ്യതയുള്ള ജീവനക്കാർക്ക് ആവശ്യമായ പരിശീലനം നൽകി സപ്പോർട്ടിംഗ് എഞ്ചിനീയർമാർ ചെയ്തു വരുന്ന ജോലി ടി ജീവനക്കാരെ ഏല്പിക്കേണ്ടതാണ്.

5. ഇതിന് ആവശ്യമായ തുക നടപ്പ് സാമ്പത്തിക വർഷത്തെ **2225-01-001-94-34(പ്ലാൻ)** എന്ന ശീർഷകത്തിൽ നിന്നും കണ്ടെത്താവുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
G S SAGINA
അണ്ടർ സെക്രട്ടറി

ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ ( എസ്&ജി സെക്ടർ/ഇ&ആർ സെക്ടർ), കേരള, തിരുവനന്തപുരം.
ധനകാര്യ (വെൽഫയർ വിംഗ്) വകുപ്പ് (28.08.2024-ലെ WW-WW3/96/2020-FIN പ്രകാരം).
ഇൻഫർമേഷൻ ഓഫീസർ, വെബ് ന്യൂ മീഡിയ, വിവരപൊതുജന സമ്പർക്ക വകുപ്പ്,
തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

**Signed by H Suni**
**Date: 19-09-2024 13:30:51**
സെക്ഷൻ ഓഫീസർ

പകർപ്പ് :-
ബഹു.പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രിയുടെ പി.എസ്-ന്.